പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5216** — **23.05.2017 ൽ മറുപടിയ്ക്ക്**

**മാങ്ങ,കശുമാങ്ങ എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഏറ്റവുമധികം മാങ്ങ ഉൽപ്പാദനം നടന്ന നടപ്പ വർഷത്തിൽ മാങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങൾക്ക് സഹായം നൽകിയെന്ന് വിശദീകരിക്കുമോ; | എ) നടപ്പ വർഷത്തിൽ മാങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സ്ഥാപനങ്ങൾക്ക് കൃഷി വകുപ്പിൽ നിന്നും സഹായം നൽകിയിട്ടില്ല. എന്നാൽ ഏറ്റവും അധികം മാങ്ങ ഉത്പാദിപ്പിക്കുന്ന പാലക്കാട് ജില്ലയിൽ മാങ്ങ അധിഷ്ഠിതമായ അഗ്രോപാർക്ക് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) കശുമാങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ പൊതുമേഖലയിലോ സഹകരണമേഖലയിലോ പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത സ്ഥാപനങ്ങൾക്ക് കൃഷിവകുപ്പ് സഹായം നല്കിവരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ബി) കാർഷിക സർവ്വകലാശാലയുടെ കീഴിൽ തൃശ്ശൂർ ജില്ലയിലെ മാടക്കത്തറയിൽ പ്രവർത്തിക്കുന്ന കശുമാവ് ഗവേഷണ കേന്ദ്രത്തിൽ കശുമാങ്ങ സംസ്കരണം നടത്തുന്ന ഒരു ചെറുകിട യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷന്റെ പാലക്കാട്, മണ്ണാർക്കാട്, കാസർഗോഡ്, മുളിയാർ എന്നിവിടങ്ങളിൽ കശുമാങ്ങ സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഉത്പാദിപ്പിക്കുന്ന മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്. കശുമാങ്ങയിൽ നിന്ന് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന പൊതുമേഖലയിലോ സഹകരണ മേഖലയിലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ